(ബി) കോഴ്സ് പൂർത്തിയാക്കിയ പ്രസ്തുത സ്കൂളിലെ കുട്ടികൾക്ക് ഇന്റേൺഷിപ്പ് നൽകാൻ ഏതെല്ലാം സ്ഥാപനങ്ങളെ/ഏജൻസികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് ;

(സി) ആലപ്പുഴ ജില്ലയിൽ ഏതൊക്കെ കോഴ്സുകൾ/ട്രേഡുകൾ/ വിഷയങ്ങളാണ് സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) കോഴ്സുകൾ അനുവദിച്ചിട്ടുള്ള സ്കൂളുകൾ ജില്ലയിലെ മണ്ഡലം തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) 2013-14 വർഷത്തിൽ ആലപ്പുഴ ജില്ലയിൽ 29 സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത്.

(ബി) കോഴ്സ് പൂർത്തിയായിട്ടില്ല. പൂർത്തിയാകുന്ന മുറയ്ക്ക് ഇന്റേൺഷിപ്പ് നടത്തുന്ന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതാണ്.

(സി) സർട്ടിഫിക്കറ്റ് ഇൻ ബാങ്കിംഗ് ആന്റ് ഫിനാൻസ് പ്രൊഫഷണൽ, സർട്ടിഫിക്കറ്റ് ഇൻ ഹാൻഡ്സെറ്റ് ഇൻ സ്റ്റോർ പ്രൊമോട്ടർ, സർട്ടിഫിക്കറ്റ് ഇൻ കസ്റ്റമർ കെയർ എക്സിക്യൂട്ടീവ്, സർട്ടിഫിക്കറ്റ് ഇൻ ഫുഡ് ആന്റ് ബിവറേജസ് സർവ്വീസ്, സർട്ടിഫിക്കറ്റ് ഇൻ ബി.പി.ഒ. നോൺ വോയിസ്, ബേസിക് സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിറ്റി നേഴ്സിംഗ് ആന്റ് പാലിയേറ്റീവ് കെയർ, സർട്ടിഫിക്കറ്റ് ഇൻ ബാങ്കിംഗ് ആന്റ് ഫിനാൻസ് സർട്ടിഫിക്കറ്റ് ഇൻ ബാങ്കിംഗ് ആന്റ് ഫിനാൻസ് പ്രൊഫഷണൽ, ഗ്ലോബൽ ബിസിനസ് ഹൗസ്കീപ്പിംഗ് സ്കിൽസ്, മൊബൈൽ കമ്മ്യൂണിക്കേഷൻ സർട്ടിഫിക്കറ്റ് കോഴ്സ്, ഒപ്റ്റിക്കൽ ഫൈബർ കമ്മ്യൂണിക്കേഷൻസ് സർട്ടിഫിക്കറ്റ് കോഴ്സ്, പി.സി. ഹാർഡ്വെയർ ആന്റ് നെറ്റ്വർക്കിംഗ് സർട്ടിഫിക്കറ്റ് കോഴ്സ്, ജൂനിയർ റബ്ബർ ടെക്നീഷ്യൻ കോഴ്സ്, അക്കൗണ്ടിംഗ് ടെക്നീഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സ്.

(ഡി) മണ്ഡലം തിരിച്ചുള്ള സ്കൂളുകളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്കൂളുകൾ

42 (7007) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള എത്ര സ്കൂളുകളെയാണ് സർക്കാർ ഏറ്റെടുത്തത് ;

(ബി) ഏറ്റെടുത്ത സ്കൂളുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സർക്കാർ ജീവനക്കാരുടേതിന് തുല്യമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ സ്കൂളുകളിലെ ജീവനക്കാരുടെ ബില്ലുകൾ ട്രഷറിയിൽ നിന്നും മാറുന്നതുപോലെ പ്രസ്തുത ജീവനക്കാരുടെ ബില്ലുകളും മാറുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 104 സ്കൂളുകൾ ഏറ്റെടുത്തിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുണ്ടായിരുന്ന സ്കൂളുകളിലെ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ സർക്കാർ ജീവനക്കാരുടേതു തന്നെയാണ്. എന്നാൽ സേവന വ്യവസ്ഥകൾ സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല.

(സി) ബില്ലുകൾ ട്രഷറിയിൽനിന്നും തന്നെയാണ് മാറുന്നത്. എന്നാൽ ഹെഡ്മാസ്റ്റർമാർക്ക് സ്വന്തമായി നേരിട്ട് ബില്ല് മാറുവാനുള്ള അധികാരം സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ അംഗീകാരമുള്ള മദ്രസകൾ

43 (T7008) ശ്രീ. കെ ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എത്ര മദ്രസ്സകൾ ഉണ്ട് ; അവ എവിടെയെല്ലാമെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത മദ്രസ്സകൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുക ഗ്രാന്റ് ലഭിച്ചു എന്നത് വർഷം തിരിച്ചും മദ്രസ്സ തിരിച്ചും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കൊയിലാണ്ടി മണ്ഡലത്തിലെ അംഗീകാരമുള്ള മദ്രസകളുടെ ലിസ്റ്റും ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച വർഷം തിരിച്ചുള്ള ഗ്രാന്റ് സംബന്ധിച്ച വിശദവിവരവും അനുബന്ധമായി ചേർക്കുന്നു.*

ഔപചാരിക വിദ്യാഭ്യാസം നേടാത്തവർക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം

44 (7009) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔപചാരിക വിദ്യാഭ്യാസം നേടാത്തവർക്ക് നിശ്ചിത പ്രായം കഴിഞ്ഞാലും പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം നേടുവാൻ അവസരം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ തുല്യതാ പരീക്ഷകൾ നടത്തുന്നുണ്ടോ ; ഏതെല്ലാം നിലവാരത്തിലാണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly